# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1113** **12-06-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ കണക്ഷന് അധിക തുക ഈടാക്കാതെ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നമ്പർ യഥാസമയം ലഭിക്കാതെവന്നാൽ പോലും വാട്ടർ കണക്ഷനും സീവറേജ് കണക്ഷനും അധിക തുക ഈടാക്കാതെ നിലവിലെ രീതിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ 16/07/2013 -ലെ KWA/HO/RMC/R1/1088/2013 നമ്പർ നടപടിക്രമം പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റോ, സ്ഥിര താമസ സർട്ടിഫിക്കറ്റോ ഹാജരാക്കുന്ന പക്ഷം വാട്ടർ കണക്ഷനും സീവറേജ് കണക്ഷനും ലഭ്യമാക്കുന്നതാണ്. ഇവയുടെ അഭാവത്തിൽ ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡ് എന്നിവയിൽ ഏതെങ്കിലും ഹാജരാക്കിയാലും ഗാർഹിക വാട്ടർ കണക്ഷൻ നൽകണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ